നമ്പർ: ICPS-3/008213/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,തിരുവനന്തപുരം
തീയതി: 5.11.2015

# സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS - ''ഓപ്പറേഷൻ വാത്സല്യ'' കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള തീവ്രയത്ന പരിപാടി - കാലയളവ് ദീർഘിപ്പിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- 16.10.2015 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം. (തീരുമാനം. 30)

കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള 'ഓപ്പറേഷൻ സ്മൈൽ' പദ്ധതിയ്ക്ക് സമാനമായി സംസ്ഥാനത്ത് ''ഓപ്പറേഷൻ വാത്സല്യ'' എന്ന പേരിൽ കാണാതാവുന്ന കുട്ടികളെ കത്തെുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി 2015 ഒക്ടോബർ 2 മുതൽ 31 വരെയുള്ള തീയതികളിൽ നടത്തിവരുകയായിരുന്നു. ടി പരിപാടിയുടെ കാലയളവ് 2015 നവംബർ 15 വരെ ദീർഘിപ്പിയ്.ക്കുവാൻ സൂചന പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ച്ിരിയ്ക്കുന്നു. തുടർന്നും ഓരോ ആഴ്ചയിലും യോഗം കൂടി, നടത്തിയ പ്രവർത്തനങ്ങളുടെ നേട്ടങ്ങളും പോരായ്മകളും വിലയിരുത്തുകയും,പദ്ധതി നടത്തി പ്പിൽ പോരായ്മകൾ ഉണ്ടെങ്കിൽ അതു അപ്പപ്പോൾ പരിഹരിയ്ക്കുകയും ചെയ്യേണ്ടതാണ്. ആകെ എത്ര കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞെന്നും അതിൽ എത്രപേരുടെ വിവരം ട്രാക്ക് ചൈൽഡ് വെബ് പോർട്ടലിൽ ഉൾപ്പെടുത്തിയെന്നുമുള്ള വിവരം ശേഖരിച്ച് നിശ്ചിത പ്രൊഫോർമ്മയിൽ തയ്യാറാക്കിയ റിപ്പോർട്ട് ~~റിപ്പോർട്ട്~~ നിർബന്ധമായും ഈ ഓഫീസിലേയ്ക്ക് അയയ്ച്ചു തരേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

- എല്ലാ DCPO മാർക്കും